# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 748

11/03/2015-ൽ മറുപടിക്ക്

## ജന്തുജന്യ രോഗ പ്രതിരോധ നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എൻ.എ.ഖാദർ** | | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് പന്നിപ്പനി, കുരങ്ങുപനി എന്നിവ എവിടെയെല്ലാം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന അറിയിക്കാമോ; | എ) | കുരങ്ങുപനി മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ നിന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വയനാട് ജില്ലയിലെ പൂതാടി, മുള്ളൻകൊല്ലി, ചെതലയം, പുൽപ്പള്ളി, നൂൽപ്പുഴ എന്നീ സ്ഥലങ്ങളിൽ നിന്നും, മലപ്പുറത്തെ കരുളായിയിൽ നിന്നുമാണ് കുരങ്ങുപനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് എല്ലാ ജില്ലകളിൽ നിന്നും പന്നിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) ടി രോഗങ്ങൾ മൂലം സംസ്ഥാനത്ത് ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | ബി) | 2015-ൽ 06/03/2015 വരെ പന്നിപ്പനി മൂലം സംസ്ഥാനത്ത് 8 പേരും, കുരങ്ങുപനി മൂലം 5 പേരും മരണപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കാസർകോഡ്, പാലക്കാട് ജില്ലകളിൽ രണ്ട് പേർ വീതവും, കൊല്ലം, മലപ്പുറം ജില്ലകളിൽ ഒരാൾ വീതവും പന്നിപ്പനി മൂലം മരണപ്പെട്ടിട്ടുണ്ട്. കുരങ്ങുപനി മൂലം വയനാട് ജില്ലയിലെ പൂതാടി പ്രദേശത്ത് 5 പേർ മരണപ്പെട്ടു. |
| സി) പ്രസ്തുത രോഗങ്ങളുടെ പ്രതിരോധത്തിന് എന്തെല്ലാം മുൻകരുതൽ നടപടികൾ | സി) | • എല്ലാ വർഷവും എല്ലാ ജില്ലകളിലും മഴക്കാല പൂർവ്വ ശുചീകരണം ഒരു |

| | |
|---|---|
| സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | തീവ്രയജ്ഞമായി നടപ്പാക്കി വരുന്നു.<br>• വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും ഓരോ ജില്ലയിലും ജനപ്രതിനിധികളുടെ നേതൃത്വത്തിലും ഈ തീവ്രയജ്ഞം നടത്തുന്നു.<br>• ഓരോ രോഗത്തിനും സാധ്യത കൂടിയ പ്രദേശങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു.<br>• ജല ജന്യ രോഗങ്ങൾ പ്രതിരോധിക്കാൻ നിരന്തരമായ ക്ലോറിനേഷൻ, ടാങ്കർ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കൽ എന്നിവ നടപ്പാക്കുന്നു.<br>• എലിപ്പനി പോലുള്ള രോഗങ്ങൾക്ക് ശുചീകരണം, പ്രതിരോധ ഗുളിക വിതരണം എന്നിവ നടപ്പാക്കുന്നു.<br>• എച്ച്1 എൻ1 പോലുള്ള വായു ജന്യ രോഗങ്ങൾക്ക് ശീലങ്ങൾ പരിഷ്കരിക്കാൻ വേണ്ട ബോധ വൽക്കരണം നൽകുന്നു.<br>• ഭക്ഷണജന്യ രോഗങ്ങൾക്ക് എതിരെ ഹോട്ടൽ, റസ്റ്റോറന്റ് പരിശോധന തുടങ്ങിയവ സേഫ് കേരള കാമ്പയിൻ മുഖേന നടപ്പിലാക്കി വരുന്നു.<br>• എല്ലാ വിഭാഗം ജീവനക്കാർക്കും നിരന്തരം പരിശീലനം നൽകി വരുന്നു. |
| ഡി)സംസ്ഥാനത്ത് പക്ഷി, ജന്തുജന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും യഥാ സമയം പ്രതിരോധിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ലഭ്യമാണോ; | ഡി) ലഭ്യമാണ്. അനിമൽ ഹസ്ബന്ററി വകുപ്പിന്റെ സഹകരണത്തോടെ പക്ഷികളിൽ പക്ഷിപ്പനി നിരീക്ഷണം നടന്നു വരുന്നു. മനുഷ്യരുടെ രക്ത സാമ്പിളുകൾ മണിപ്പാൽ വൈറോളജി റിസർച്ച് സെന്ററിലയച്ച് പരിശോധിപ്പിക്കുന്നു. കൂടാതെ പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും അയച്ച് പരിശോധിപ്പിക്കുന്നു. രോഗം കണ്ടെത്തി കഴിഞ്ഞാൽ 24 മണിക്കൂറിനുള്ളിൽത്തന്നെ അത് നിയന്ത്രിക്കാനും പ്രതിരോധിക്കാനുമുള്ള നടപടികൾ ജില്ലകളിൽ ലഭ്യമാണ്.<br>എലിപ്പനി രോഗ നിർണ്ണയത്തിന് ഐ.ജി.എം. ആന്റിബോഡി കിറ്റ് എല്ലാ |

| | | |
|---|---|---|
| | | എസ്.എസ്.എച്ച് (സെന്റിനൽ സർവ്വേലന്റ് ഹോസ്പിറ്റൽസ്) ലാബുകളിലും നൽകിയിട്ടുണ്ട്. കൂടാതെ പ്രാരംഭ ഘട്ടത്തിൽ ഇത് കണ്ടുപിടിക്കുന്നതിന് മണ്ണുത്തി വെറ്റിനറി ലാബിൽ പരിശോധിക്കാനുള്ള സംവിധാന വുമുണ്ട്. |
| ഇ) ഇല്ലായെങ്കിൽ ഇത്തരം സംവിധാന ങ്ങൾ ഒരുക്കുന്ന വിധത്തിൽ ആരോഗ്യരംഗത്ത് മാറ്റങ്ങൾ കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | ഇ) | രോഗം കണ്ടെത്തുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**